# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1500** **10.02.2020 ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശു ഭൂമികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ | | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശു ഭൂമികളാണുള്ളത്; ഇവ ഏതെല്ലാം കൃഷി ഭവനുകളുടെ കീഴിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | കായംകുളം മണ്ഡലത്തിൽ 182 ഹെക്ടർ കൃഷിയോഗ്യമായ തരിശു ഭൂമിയുണ്ടെന്ന് കണക്കാക്കുന്നു. കായംകുളം മണ്ഡലത്തിലെ 5 കൃഷി ഭവനുകളുടെ പരിധിയിലായിട്ടാണ് തരിശുഭൂമി കാണുന്നത്. ദേവികുളങ്ങര കൃഷി ഭവനു കീഴിൽ 50 ഹെക്ടറും, കായംകുളം കൃഷി ഭവനു കീഴിൽ 57 ഹെക്ടറും, കണ്ടല്ലൂർ കൃഷി ഭവനു കീഴിൽ 20 ഹെക്ടറും, പത്തിയൂർ കൃഷി ഭവനു കീഴിൽ 5 ഹെക്ടറും, കൃഷ്ണപുരം കൃഷി ഭവനു കീഴിൽ 50 ഹെക്ടറും കൃഷിയോഗ്യമായ തരിശുഭൂമിയുണ്ട്. |
| ബി) | ഇത്തരം തരിശുഭൂമികൾ ആരുടെ ഉടമസ്ഥതയിലാണെന്ന വിവരം കൃഷി ഓഫീസുകൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | ബി) | തരിശുഭൂമികൾ ആരുടെ ഉടമസ്ഥതയിലാണെന്ന വിവരം ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇത്തരത്തിലുള്ള തരിശുഭൂമികളിൽ കൃഷിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | കൃഷ്ണപുരം കൃഷി ഭവന്റെ പരിധിയിൽ വരുന്ന തരിശുഭൂമിയിൽ നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു കൃഷി ഭവനുകളിലെ കൃഷിയോഗ്യമായ തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ